# അക്കാദമിക

# മാസ്റ്റർപ്ലാൻ

ജി.എൽ.പി.എസ്. പത്തിക്കാമുറി.

2025-2026

# അടിസ്ഥാന വിവരങ്ങൾ.

വിദ്യാലയത്തിന്റെ പേര് : ഗവ. എൽ. പി. സ്കൂൾ പറത്തിക്കാമുറി.

ഫോൺ : 04672280010

സ്കൂൾ കോഡ് : 12316

വിദ്യാഭ്യാസ ജില്ല : കാസറഗോഡ്.

വിദ്യാഭ്യാസ ഉപജില്ല : ഹോസ്ദുർഗ്

റവന്യൂ ജില്ല : കാസറഗോഡ്.

ബി. ആർ. സി : ഹോസ്ദുർഗ്ഗ്.

സി. ആർ. സി : നീലേശ്വരം

മുനിസിപ്പാലിറ്റി : നീലേശ്വരം

ബ്ലോക്ക് പഞ്ചായത്ത് : നീലേശ്വരം

ജില്ലാ പഞ്ചായത്ത് : കാസറഗോഡ്.

നിയമസഭാ മണ്ഡലം : തൃക്കരിപ്പൂർ.

ലോകസഭാ മണ്ഡലം : കാസറഗോഡ്

താലൂക്ക് : ഹൊസ്ദുർഗ്.

വില്ലേജ് : നീലേശ്വരം.

ഇ. മെയിൽ : 12316glps parathikamuri

പ്രധാനധ്യാപിക : ശ്രീജ വട്ടപ്പള്ളി.

ഫോൺ : 9495755168

# ആമുഖം.

കാസറഗോഡ് ജില്ലയിലെ ഹൊസ്ദുർഗ് ഉപജില്ലയിലാണ് ജി. എൽ. പി. എസ്. പരത്തിക്കാമുറി നീലേശ്വരം മുനിസിപ്പാലിറ്റിയിൽ കൊയാമ്പുറം പ്രദേശത്ത് 10 സെന്റിൽ അധികം വിസ്തൃതിയിലുള്ള സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. 1944 ൽ സ്ഥാപിതമായ തേജസ്വിനി പ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ ആദ്യ ഘട്ടത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളാണ് പ്രവർത്തിച്ചിരുന്നത്. പിന്നീട് 5ാം ക്ലാസ് എടുത്തുമാറ്റുകയായിരുന്നു.

കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുതകുന്ന പഠനപാഠ്യേതര പ്രവർത്തനങ്ങൾ അടുക്കോടും ചിട്ടയോടും നടത്തപ്പെടുന്നു. 1 മുതൽ 4 വരെ ക്ലാസും നാല് അധ്യാപകരും ഒരു പി.ടി.സി. മിനിയും ഒരു അറബിക് പാർട്ടൈം ഡെയ്‌ലിവേജും ജോലിചെയ്തു വരുന്നു. വിദ്യാലയത്തിന് രണ്ട് പ്ലോട്ടുകളിലായി 12സെന്റ് സ്ഥലം മാത്രമാണുള്ളത്. ജനങ്ങൾ കൂടുതലും കൂലിപ്പണിക്കാരാണ്. ഭൂരിഭാഗം കുട്ടികളും ഒ.ബി.സി. വിഭാഗത്തിലാണ്.

പരിമിതികൾ.

സ്കൂളിന് സ്വന്തമായി 12 സെന്റ് സ്ഥലം മാത്രമേയുള്ളൂ. ഒരു കെട്ടിടം വാടകക്കെട്ടിടമാണ്. അതിനാൽ കുട്ടികൾക്ക് ഭൗതിക സാഹചര്യങ്ങൾ വേണ്ടത്ര ഒരുക്കി കൊടുക്കുവാൻ കഴിയുന്നില്ല. പുതിയ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ വൈദ്യുതിവിതരണം ഭാഗികമായേയുള്ളൂ. കളിസ്ഥലത്തിന്റെ അപര്യാപ്തത കായികശേഷി വികസനത്തിൽ ദോഷമായി ബാധിക്കുന്നു. അസംബ്ലി ഹാളില്ല. കമ്പ്യൂട്ടർ റൂ, സ്റ്റാഫ് റൂം, വായനാമുറി, അടുക്കള ഡൈനിംഗ് എന്നിവയൊന്നുമില്ലാതെ സ്ഥല പരിമിതിമൂലം വിഷമിക്കുന്ന ഒരു വിദ്യാലയമാണിത്.

കാഴ്ചപ്പാട്.

വരുന്ന 5 വർഷത്തിനുള്ളിൽ നമ്മുടെ സ്കൂളിനെ ഭൗതികമായും അക്കാദമികപരമായും അന്തർദേശീയ നിലവാരത്തിലെത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. സ്വന്തമായി സ്ഥലവും ചുറ്റുമതിലും, കളിസ്ഥലവും, സ്മാർട്ട് ക്ലാസ് മുറികൾ, ആകർഷകമായ വിദ്യാലയന്തരീക്ഷം സുസജ്ജമായ കമ്പ്യൂട്ടർ ലാബ്, സ്റ്റാഫ് റൂം, ജൈവവൈവിധ്യ പാർക്ക്, പൂന്തോട്ടം, ആധുനിക രീതിയിലുള്ള അടുക്കളസ്റ്റോറും, ഡൈനിംഗ് ഹാൾ, ടോയ്ലറ്റ്, മൂത്രപ്പുര. ശുദ്ധാധിഷ്ഠിത പഠനപ്രവർത്തനത്തിലൂടെ സാമൂഹ്യജീവിതത്തിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനും എവിടെയും കിടപിടിക്കുന്നതുമായ മികവ് നാം ലക്ഷ്യമിടുന്നു.

| പ്രവർത്തനം. | തെരഞ്ഞെടുക്കാനുള്ള കാരണം/ ലക്ഷ്യം, ക്ലാസ്. | ചുമതല | സമയക്രമം |
|---|---|---|---|
| 1. ലൈബ്രറി ശാക്തീകരണം മലയാളം- ഇംഗ്ലീഷ് ഭാഷാ ശേഷി വികസനം. ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ/ (പിറന്നാൾ സമ്മാനം) കണ്ടെത്തൽ, വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, വിതരണ രജിസ്റ്റർ തയ്യാറാക്കൽ. | ഓരോ ക്ലാസിനും അനുയോജ്യമായ പാഠാനുബന്ധ കഥകൾ/ കവിതകൾ സമാഹരിക്കൽ. 1-4. ക്ലാസുകൾക്ക്. | H.M. PTA അധ്യാപകർ. | വർഷത്തിൽ ഒരു പ്രാവശ്യം. |
| 2. ജന്മദിനത്തിനൊരു പുസ്തകം. ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യൽ | പുസ്തക സമാഹരണം 1-4. ക്ലാസുകൾ | ക്ലാസ് ടീച്ചർ. | എല്ലാ ജന്മദിനങ്ങളിലും. |
| 3. ഡയറി പ്രസിദ്ധീകരണം ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഭാവനാത്മകമായ രീതിയിൽ എഴുതൽ., പ്രസിദ്ധീകരിക്കൽ സംയുക്ത ഡയറി. ഒന്നാം ക്ലാസിലെ കുട്ടികളും രക്ഷിതാക്കളും ചേർന്ന് ഡയറിയെഴുത്ത്. പ്രസിദ്ധീക[illegible] | മലയാള ഭാഷ തെറ്റുകൂടാതെ എഴുതൽ. 2,3,4 ക്ലാസുകൾ. അക്ഷരം ചിഹ്നം ഇവ തെറ്റില്ലാതെ എഴുതാനുള്ള പരിശീലനം 1,2 ക്ലാസ്. | H.M. ക്ലാസ് ടീച്ചർ. | വർഷത്തിൽ ഒരിക്കൽ |

| | | | |
|---|---|---|---|
| 4 ദിനാചരണങ്ങൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കൽ. ദിനാചരണവുമായി ബന്ധപ്പെട്ട പൊതു കുറിപ്പുകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കൽ. | ഓരോ ദിനത്തിന്റെയും പ്രാധാന്യം എന്തെന്നും അവ ആചരിക്കുന്നതിന് പിന്നിലെ അറിവ് കുട്ടികളിലേക്കെത്തൽ. | അധ്യാപകർ | എല്ലാ മാസവും |
| 5. വായനാകുറിപ്പ് തയ്യാറാക്കൽ. ആഴ്ചയിൽ ഒരു ദിവസം ലൈബ്രറി പുസ്തകം എടുക്കുന്നു. വായിച്ച് ആസ്വാദനകുറിപ്പ് തയ്യാറാക്കൽ. | വായനയിൽ പ്രാവീണ്യം നേടൽ. 3, 4. ക്ലാസുകൾ. | ക്ലാസ് ടീച്ചർ. | |
| 6. വായന കാർഡ് നിർമ്മാണം. അധ്യാപക ശാക്തീകരണം. പാഠാനുബന്ധ പ്രവർത്തനങ്ങൾക്കനുസരിച്ച് വായന കാർഡുകൾ തയ്യാറാക്കൽ. | ആർജ്ജിത പദങ്ങൾ, ആശയങ്ങൾ ഉപയോഗിച്ച് വായന, ലേഖനം പ്രാവീണ്യം നേടൽ. | | |
| 7. കവികളും കവിതകളും. പാഠാനുബന്ധ പ്രവർത്തനത്തിന്റെ ഭാഗമായി കവികളെ പരിചയപ്പെടുന്നു. കൂടുതൽ കവിതകൾ വായിക്കുന്നു. | കവികളെയും കവിതകളെയും പരിചയപ്പെടൽ. വായനയിൽ പ്രാവീണ്യം നേടൽ. | ക്ലാസ് ടീച്ചർ. | ആവശ്യാനുസരണം |

| | | | | |
|---|---|---|---|---|
| | ക്വിസ് മത്സരം സംഘടിപ്പിക്കൽ. ഓരോ ആഴ്ചയിലും കുട്ടികൾക്കു നൽകുന്ന പൊതുവിജ്ഞാനം ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കൽ. എല്ലാ മാസത്തിലും വിജയിയെ ബുള്ളറ്റിൻ ബോർഡിൽ പേര് പതിപ്പിക്കൽ. വർഷാവസാനം കൂടുതൽ തവണ വിജയിയായ കുട്ടിയെ തെരഞ്ഞെടുക്കൽ. | കുട്ടികളിലെ അറിവ് കണ്ടെത്താനും മത്സരബുദ്ധി വളർത്താനും പൊതുവിജ്ഞാനം കൈക്കുമ്പിളിൽ നേടിയെടുക്കാനുള്ള പരിശീലനം. | അധ്യാപകർ. | എല്ലാ മാസവും വർഷത്തിലൊരിക്കൽ. |
| 9. | മലയാളം മധുരം/ഇംഗ്ലീഷ്. മലയാള ഭാഷയിലും ഇംഗ്ലീഷിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ. | തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് എല്ലാദിവസവും പരിശീലനം | അധ്യാപകർ. | |
| 10. | ഇംഗ്ലീഷ് അസംബ്ലി വേള. ഇംഗ്ലീഷ് ഭാഷാപഠനം. ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കൽ. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. | ഓരോ കുട്ടികളും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുക. 1-4. ക്ലാസുകൾ ഇടവിട്ട് പ്രവർത്തനം ചെയ്യുന്നു. | ക്ലാസ് ടീച്ചർ | ആഴ്ചയിൽ ഒരു ദിവസം |

| | | | |
|---|---|---|---|
| 11. ഇംഗ്ലീഷ് ഡയറി. ഓരോ ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ലഘുവാക്യങ്ങളിൽ ഇംഗ്ലീഷിൽ എഴുതുക. | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ. 3,4. ക്ലാസുകൾ | ക്ലാസ് ടീച്ചർ. | ആഴ്ചയിൽ ഒരു ദിവസം |
| 12. ഇംഗ്ലീഷ് ക്ലബ്ബ്. പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളുടെ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറി ക്ലാസിനു മുൻപാകെ അവതരിപ്പിക്കൽ. | ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള വേദി ഒരുക്കൽ. 1-4 ക്ലാസുകൾ. | ഇംഗ്ലീഷ് ക്ലബ്ബ് ചാർജ് അധ്യാപിക | ആഴ്ചയിൽ ഒരിക്കൽ. |
| 13. ഇംഗ്ലീഷ് ഫെസ്റ്റ്. വർഷത്തിൽ ഒരു ദിവസം ഇംഗ്ലീഷ് ഭാഷയിലെ കുട്ടികളുടെ മികവ് അവതരിപ്പിക്കൽ. (വാർഷിക പരിപാടി) | ഇംഗ്ലീഷ് ഭാഷയിലെ കുട്ടികളുടെ മികവുകൾ സമൂഹമാധ്യമത്തിൽ അവതരിപ്പിക്കൽ. | H.M. അധ്യാപകർ PTA. | വർഷത്തിൽ ഒരു ദിവസം. |
| 14. ഗണിത കിറ്റ്. ഓരോ ക്ലാസിനും ഗണിത കിറ്റ് സജ്ജമാക്കൽ. | · ഗണിതപഠനം സുഗമമാക്കൽ. · പിന്നോക്കക്കാർക്ക് ഗണിതം ലളിതമാക്കൽ. | SRG, ക്ലാസ്ടീച്ചർ. | ആവശ്യാനുസരണം |

| | | | | |
|---|---|---|---|---|
| 15 | പഠനോപകരണ നിർമ്മാണ ശില്പശാല ഗണിതം. അധ്യാപക ശാക്തീകരണം. പാഠഭാഗത്തിന് ആസ്പദമായ പഠനോപകരണങ്ങൾ നിർമ്മിക്കൽ. | ഗണിത പഠനം സുഗമമാക്കൽ. 1, 2, 3, 4. ക്ലാസുകാർക്ക്. | H.M. SRG. രക്ഷിതാക്കൾ | വർഷത്തിൽ ഒരു പ്രാവശ്യം. |
| 16 | ഗണിതം മധുരം. ജ്യാമിതീയ രൂപങ്ങൾ, മൂർത്ത വസ്തുക്കൾ, ചിത്രങ്ങൾ etc. ഉപയോഗിച്ച് ക്ലാസ് മുറിയിൽ ഗണിത കോർണർ രൂപീകരിക്കൽ. | ഗണിതം മധുരമാക്കൽ 1, 2 ക്ലാസുകൾ | H.M. അധ്യാപകർ. | |
| 17 | ശാസ്ത്ര ലാബ് സജ്ജീകരിക്കൽ – പരിസര പഠനം. പരിസര പഠനത്തിന് ആവശ്യമായ വസ്തുക്കൾ സജ്ജമാക്കൽ. | ശാസ്ത്ര ലാബ് സജ്ജീകരിക്കൽ. | H.M. അധ്യാപകർ | വർഷത്തിൽ ഒരു പ്രാവശ്യം. |
| 18 | ലഘു പരീക്ഷണങ്ങൾ. ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ. | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | ക്ലാസ് ടീച്ചർ. | പാഠാനുബന്ധമായി. |
| 19 | പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ. പ്രവർത്തനങ്ങൾ അറിയാൻ. | പൊതുസ്ഥാപനങ്ങൾ ഏതൊക്കെ പ്രവർത്തനങ്ങൾ അറിയൽ 1–4. ക്ലാസുകൾ | H.M. ക്ലാസ്ടീച്ചർ. | പാഠാനുബന്ധമായി. |

| | | | |
|---|---|---|---|
| 20 ആഹാരത്തിലെ വൈവിധ്യങ്ങൾ. പലതരം പലഹാരങ്ങൾ, ആഹാരസാധനങ്ങൾ, പാനീയങ്ങൾ പട്ടികപ്പെടുത്തൽ. പാകം ചെയ്യുന്ന വിധം വേണ്ട വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ. | കേരളീയരുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ. 1-4. ക്ലാസുകൾ | SRG ക്ലാസ് ടീച്ചർ | വർഷത്തിൽ ഒരു പ്രാവശ്യം. |
| 21 സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്. ഫീൽഡ് ട്രിപ്പ് ചർച്ച ലഘുപരീക്ഷണം എല്ലാ ക്ലാസിലെയും കുട്ടികൾ ചേർന്ന് നടത്തൽ. | പ്രകൃതിയിൽ ഇറങ്ങി അറിയാൻ. | SRG ക്ലാസ് ടീച്ചർ. | മാസത്തിൽ ഒരു ദിവസം. |
| 22 ബാലസഭ. കഥ, കവിത, നാടകം, എല്ലാ കുട്ടികളുടെയും മുന്നിൽ അവതരിപ്പിക്കൽ. | കുട്ടികളിലെ കലാവാസനകൾക്ക് പരിപോഷണം. | അധ്യാപകർ | എല്ലാ മാസത്തിലെയും അവസാന വെള്ളിയാഴ്ച |
| 23 കായിക പരിശീലനം. കളി ഉപകരണങ്ങൾ ഉപയോഗിച്ച് വൈകുന്നേരങ്ങളിൽ എല്ലാ കുട്ടികൾക്കും പരിശീലനം. | കായിക പരിശീലനം കാര്യക്ഷമമാക്കൽ. | ക്ലാസ് ടീച്ചർ. | ആഴ്ചയിൽ ഒരു ദിവസം. |